## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

19.10.2011- ലെ

ചോദ്യം നമ്പർ : 4357 മറുപടിയ്ക്ക്

## ഇൻഫർമേഷൻ ഓഫീസർമാരുടെ തെരഞ്ഞെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) നിലവിൽ പി.ആർ.ഡി.യിൽ എത്ര ഇൻഫർമേഷൻ ഓഫീസർമാരുടെയും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെയും ഒഴിവുകളുണ്ട് ; | (എ) നിലവിൽ പി.ആർ.ഡി.യിൽ ഇൻഫർമേഷൻ ഓഫീസറുടെ ഒരൊഴിവും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെ 21 ഒഴിവുകളുമുണ്ട്. |
| (ബി) ഈ ഒഴിവുകൾ നികത്താത്തതിന്റെ കാരണമെന്ത് ; | (ബി) ഇൻഫർമേഷൻ ഓഫീസർ തസ്തിക അസിസ്റ്റന്റ് എഡിറ്ററുടെ പ്രൊമോഷൻ തസ്തികയാണ്. ഇൻഫർമേഷൻ ഓഫീസറുടെ മേൽ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെ 21 കേഡർ തസ്തികകളാണ് ആകെ ഉള്ളത്. പ്രസ്തുത തസ്തികയിലെ ഒഴിവുക- ളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്നും ഉദ്യോഗാർത്ഥികൾ എത്തുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്. |
| (സി) നിലവിൽ വന്നിട്ടുള്ള ലിസ്റ്റിൽ നിന്നും എന്നത്തേയ്ക്ക് നിയമനം ആരംഭിക്കും ; എത്ര പേർക്കായിരിക്കും നിയമനം നൽകുക ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിലെ നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല. |
| (ഡി) 2020 വരെ ഈ രണ്ട് കാറ്റഗറിയിലും വരാൻ സാധ്യതയുള്ള ഒഴിവുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ ; | (ഡി) 2020 വരെ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ റിട്ടയർമെന്റ് മൂലം ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ വിശദാംശം താഴെ ചേർക്കുന്നു :-<br>2012 - 3<br>2013 - 8 |

| | |
|---|---|
| | 2014 - 3<br>2015 - 6<br>2016 - 4<br>2017 - 7<br>2018 - 2<br>2019 - 5<br>2020 - 2<br>അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒഴിവ് സംബന്ധിച്ച ചോദ്യം (ബി) പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല. |
| (ഇ) പി.ആർ.ഡി. യിലെ ഈ രണ്ട് തസ്തികകളിലെയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളെത്ര ; | (ഇ) ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ-ളിൽ ഇൻഫർമേഷൻ ഓഫീസർ-മാരെ നിയമിച്ചിട്ടുണ്ടോ ; ഭാവിയിൽ നിയമിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടില്ല. ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും തല്ക്കാലം പരിഗണ-നയിലില്ല. |
| (ജി) പി.ആർ.ഡി. യിൽ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര മോഡൽ പ്രാവർത്തിക മാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ജി) ചോദ്യം വ്യക്തമല്ലാത്ത സാഹചര്യത്തിൽ മറുപടി നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ